ഹരിപ്പാട് ടൗൺ ഡീവിയേഷൻ റോഡിനും ഫുട്പാത്തിനും അനുവദിച്ച തുക

173 (5878) <u>ശ്രീ. ബി. ബാബു പ്രസാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് ടൗൺ ഡീവിയേഷൻ റോഡും ഹരിപ്പാട് ടൗൺ ഹാൾ മുതൽ എഴിക്കകത്ത് ജംഗ്ഷൻ വഴി പിള്ളത്തോട് ഡ്രെയിനും ഫുട്പാത്തും അടക്കമുള്ള പ്രവൃത്തികളുടെ നിർമ്മാണത്തിന് എത്രകോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണത്തിന് ഒരു കരാറുകാരൻ എഗ്രിമെന്റ് വച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എഗ്രിമെന്റ് വച്ചിട്ടും പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഹരിപ്പാട് ടൗൺ ഡീവിയേഷൻ റോഡ് ബി.എം & ബി.സി. ചെയ്ത് അഭിവൃദ്ധിപ്പെടുത്തുന്നതിന് ജി.ഒ. (ആർറ്റി.) നമ്പർ1186/09/പൊ.മ.വ. തീയതി 14-8-2009 പ്രകാരം 186 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി & സി) പ്രസ്തുത പ്രവൃത്തിക്ക് 171 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി ടെണ്ടർ ക്ഷണിച്ചു. കെ. ശശിധരൻ എന്ന കരാറുകാരൻ 32.1% അധികനിരക്കിൽ കോട്ട് ചെയ്യുകയും ജി.ഒ.(ആർ.റ്റി) നമ്പർ 1058/10/പൊ. തീയതി 28-6-2010 പ്രകാരം 22% അധികനിരക്കിൽ അനുമതി നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത പണിയുടെ ഫേം പീരീഡ് 1-4-2010 -ൽ തീർന്നതിനാൽ കരാറുകാരൻ ടെണ്ടറിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടു. പ്രസ്തുത കരാറുകാരനെ ഒഴിവാക്കി മേൽപണി 20-8-2010-ലേക്ക് റീ-ടെണ്ടർ ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly